LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി അനിവാര്യമായതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചത്.

(സി&ഡി) ഉണ്ട്. 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്നിവ പ്രകാരം പുതിയ മദ്യശാലകൾ തുറക്കുന്നതിനും മാറ്റിസ്ഥാപിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്താകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി അനിവാര്യമാണെന്നും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ത് 447-ാം വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചത്.

തീരദേശ കപ്പൽ ഗതാഗത പദ്ധതി

27 (*147) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ;

(സി) സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ&ബി) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കി വരുന്നു. നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ നല്ലൊരു ഭാഗം കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 40 ശതമാനവും 2030-ഓടെ 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതംവഴി നടത്തുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഇതിലൂടെ റോഡ് ഗതാഗത മേഖലയിലെ തിരക്ക് കുറയ്ക്കുക, ചരക്ക് നീക്കത്തിന്റെ ചെലവ് കുറയ്ക്കുക, അന്തരീക്ഷ മലിനീകരണം കുറയ്ക്കുക, അപകടങ്ങൾ കുറയ്ക്കുക എന്നിവയും സാധിക്കുന്നതാണ്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു മെട്രിക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചു വരുന്നുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകരമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്‌ലിംഗ് ചാർജ്ജിൽ 50% ഇളവും അനുവദിച്ചിട്ടുണ്ട്.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

28 (*148) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഏതൊക്കെ ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ?